**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 97** **15-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് രണ്ടാം ഭൂപരിഷ്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി കെ. കെ. രമ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. രമേഷ് പിഷാരടി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് രണ്ടാം ഭൂപരിഷ്കരണം നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** നിലവിലുള്ള എല്ലാ ഭൂനിയമങ്ങളും കാലാനുസൃതമായി നവീകരിക്കുക. നിസ്സാര കാരണങ്ങളാൽ കൃഷി ഭൂമിയിൽ നിന്നും കർഷകരെ ഇറക്കി വിടുന്നതിന് ശാശ്വതപരിഹാരമായി ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം (പട്ടയങ്ങൾ) നൽകുക. തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ് കരിക്കുക, തോട്ടവിളയുടെ സ്വാഭാവിക തരം സംരക്ഷിച്ച് വൈവിധ്യം അനുവദിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുക, ദശാബ്ദങ്ങളായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകരെ പട്ടയങ്ങൾ അനുവദിക്കപ്പെടുന്നതിൽ നിന്നും തടഞ്ഞിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഭേദഗതികൾ ആവശ്യമെങ്കിൽ വരുത്തുകയോ സമഗ്രമായ നിയമനിർമ്മാണം നടത്തുകയോ ചെയ്യുക.

പ്രധാന ഭൂനിയമങ്ങളിൽ അധികവും അരനൂറ്റാണ്ടു പഴക്കമുള്ളവയായതിനാൽ സമഗ്രമായ പരിഷ്കരണം ആവശ്യമായ ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കുന്നതിനായി 22.09.2026 ലെ സ.ഉ(സാധാ) 1880/2026/റവ നമ്പരായി മുൻ ലാൻഡ് റവന്യൂ കമ്മീഷണറും ( റിട്ട) ഐ.എ.എസ് ഉദ്യോഗസ്ഥനുമായ ശ്രീ. എ.ടി.ജയിംസ് ചെയർപേഴ്സനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**(ബി)** എങ്കിൽ പ്രസ്തുത വിദഗ്ധ സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്നും സമിതിയുടെ കാലാവധി എത്രയെന്നും വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 1970-ലെ ഭൂപരിഷ്കരണ നിയമം, പാട്ടക്കരാർ ഉൾപ്പെടെയുള്ള ഭൂമി സംബന്ധമായ നിയമങ്ങളെല്ലാം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**